പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3120      13.07.2015-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി യെ സംരക്ഷിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ് : | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
| (എ) | കെ.എസ്. ആർ.ടി.സി. യെ സംരക്ഷിക്കുന്നതിന് ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ വരവ് ചിലവ് അന്തരം കുറച്ച് പുനരുദ്ധരിച്ച് ലാഭത്തിലേക്ക് നയിക്കുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കുകയും പ്രസ്തുത പാക്കേജിലെ നിർദ്ദേശങ്ങൾ പ്രകാരം നടപടി സ്വീകരിച്ചു വരികയുമാണ്. KTDFCയിൽ നിന്നുമെടുത്ത വായ്പാതിരിച്ചടവിലേക്ക് കോർപ്പറേഷൻ പ്രതിമാസം 50 കോടിയിൽപരം രൂപയാണ് വിനിയോഗിച്ച് വരുന്നത്. KTDFCയിൽ നിന്നുള്ള വായ്പാ തുക പൂർണ്ണമായും മറ്റ് ദേശസാൽകൃത ബാങ്കുകൾ ഏറ്റെടുക്കുന്നതിലേക്കായി ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുന്നതിനായി SBI CAPITAL Market Ltd എന്ന സ്ഥാപനത്തെ ഉപദേശക സ്ഥാപനമായി കെ.എസ്.ആർ.ടി.സി. നിയോഗിക്കുകയും ടി സ്ഥാപനം കെ.എസ്.ആർ.ടി.സി. യെ സംബന്ധിച്ച് ഫിനാൻഷ്യൽ ഇൻഫർമേഷൻ മെമ്മോറാണ്ടം തയ്യാറാക്കി ബന്ധപ്പെട്ട ബാങ്കുകൾക്ക്, ടി വായ്പ ഏറ്റെടുക്കുന്നതിലേക്ക് നൽകി കഴിഞ്ഞു. വായ്പ ഏറ്റെടുക്കൽ നടപടി 2015 ജൂലൈ മാസം പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത്തരത്തിൽ പൊതുമേഖലാ ബാങ്കുൾ, KTDFCയിൽ നിന്നുള്ള വായ്പ ഏറ്റെടുത്താൽ പ്രതിമാസ വായ്പ തിരിച്ചടവ് 15-20 കോടി രൂപയായി |

കുറയുകയും, കോർപ്പറേഷന് പ്രതിമാസം 30 കോടി രൂപ ലാഭിക്കാൻ കഴിയുകയും ചെയ്യുന്നതാണ്. കോർപ്പറേഷന്റെ വരുമാനം കുറഞ്ഞ 1500-ൽ പരം സർവ്വീസുകൾ പുനക്രമീകരിച്ച് ലാഭകരമായ സർവ്വീസുകളാക്കി മാറ്റിയിട്ടുണ്ട്. ഇതിനുപുറമേ ബഹു. ഹൈക്കോടതി ഉത്തരവിൻപ്രകാരം നിലവിൽ സ്വകാര്യ ബസുകൾ സർവ്വീസ് നടത്തുന്ന 241 സൂപ്പർ ക്ലാസ്സ് പെർമിറ്റുകൾ ഏറ്റെടുത്ത് പുതിയ കെ.എസ്.ആർ. ടി.സി ബസുകൾ നിരത്തിലിറക്കി സർവ്വീസ് നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. കൂടുതൽ ചെയിൻ സർവ്വീസുകൾ ആരംഭിച്ച് വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കൊട്ടാരക്കര-പാരിപ്പള്ളി, ചേർത്തല-കുമ്പളങ്ങി-എറണാകുളം റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി സമീപ കാലത്ത് ചെയിൻ സർവ്വീസുകൾ ആരംഭിച്ചു കഴിഞ്ഞു. കെ.എസ്.ആർ.ടി.സി.യിലെ ഓൺലൈൻ റിസർവേഷൻ സമ്പ്രദായം കുറ്റമറ്റ രീതിയിൽ പരിഷ്ക്കരിച്ചത് മുഖേന റിസർവേഷൻ ഇനത്തിലുള്ള വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാൻ സാധിച്ചു. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി കൊറിയർ, പാഴ്സൽ സർവ്വീസുകൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്. പെൻഷൻ കൃത്യമായി വിതരണം ചെയ്യുന്നതിനായി 2015 ഏപ്രിൽ മാസം മുതൽ കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ ഫണ്ട് രൂപീകരിക്കുകയും പ്രസ്തുത ഫണ്ടിലേക്ക് കെ.എസ്.ആർ.ടി.സി നിക്ഷേപിക്കുന്ന തുകയ്ക്ക് സമാനമായ തുക (പരമാവധി 20 കോടി രൂപ) സർക്കാർ അനുവദിച്ച് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിൻപ്രകാരം ഏപ്രിൽ, മെയ് മാസങ്ങളിൽ കെ.എസ്.ആർ.ടി.സി നിക്ഷേപിച്ചതിന് ആനുപാതികമായ തുക സർക്കാർ പെൻഷൻ ഫണ്ടിലേയ്ക്ക്

| | | | |
|---|---|---|---|
| | | | അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതുമൂലം പെൻഷൻ ചിലവ് ഇനത്തിലെ കെ.എസ്.ആർ. ടി.സി.യുടെ ബാദ്ധ്യത പകുതിയായി കുറയ്ക്കാൻ കഴിഞ്ഞു. കെ.എസ്.ആർ.ടി.സി.യുടെ ആസ്തിമൂല്യം പുനർ നിർണ്ണയിച്ച് വിപണി മൂല്യം വർദ്ധിപ്പിക്കുകയുണ്ടായി. |
| (ബി) | പൊതുജനത്തിന് പ്രയോജനകരമായ രീതിയിൽ കെ.എസ്.ആർ. ടി.സി. യെ സംരക്ഷിക്കുന്നതിന് ഒരു സമഗ്ര പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | പൊതുജനത്തിന് പ്രയോജനകരമായ രീതിയിൽ തന്നെയാണ് നിലവിൽ കെ.എസ്.ആർ. ടി.സി സേവനം അനുഷ്ഠിക്കുന്നത്. കോർപ്പറേഷനെ പൊതുമേഖലയിൽ നിലനിർത്തി സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരികയാണ്. ഇതിനായി ഒരു പുനരുദ്ധാരണ പാക്കേജ് നടപ്പാക്കി വരികയുമാണ്. |

സെക്ഷൻ ഓഫീസർ